**അവലോകനം**

<u>മി. സ്പീക്കർ</u>: 15-ാം കേരള നിയമസഭയിലേക്ക് നടന്ന തെരഞ്ഞെടുപ്പ് നടപടികൾ പൂർത്തീകരിക്കപ്പെട്ട സാഹചര്യത്തിൽ 2021 മെയ് മാസം 3-ാം തീയതി 14-ാം കേരള നിയമസഭ പിരിച്ചുവിടുകയും അന്നുതന്നെ 15-ാം കേരള നിയമസഭ നിലവിൽ വരികയും ചെയ്തു. സ്പീക്കർ പ്രോടൈം ആയി നിയോഗിക്കപ്പെട്ട മുതിർന്ന അംഗം ശ്രീ. പി. ടി. എ. റഹീം മെയ് 21-ാം തീയതി ബഹുമാനപ്പെട്ട ഗവർണർ മുൻപാകെ നിയമസഭാംഗം ആയി സത്യപ്രതിജ്ഞ ചെയ്യുകയുണ്ടായി. 15-ാം കേരള നിയമസഭയുടെ ആദ്യ സമ്മേളനം സ്പീക്കർ പ്രോടൈമിന്റെ അദ്ധ്യക്ഷതയിൽ മെയ് 24-ാം തീയതി ചേരുകയും 136 ബഹുമാനപ്പെട്ട അംഗങ്ങൾ അന്നേദിവസം സത്യപ്രതിജ്ഞ ചെയ്യുകയും ചെയ്തു. ശേഷിച്ച മൂന്ന് അംഗങ്ങളിൽ രണ്ടുപേർ മെയ് 28-ാം തീയതിയും, ഒരംഗം ജൂൺ 9-ാം തീയതിയും സ്പീക്കറുടെ ചേംബറിൽ വച്ചാണ് സത്യപ്രതിജ്ഞ ചെയ്തത്. മെയ് 24-ാം തീയതി സത്യപ്രതിജ്ഞ ചെയ്ത ഒരു ബഹുമാനപ്പെട്ട അംഗത്തിന്റെ സത്യപ്രതിജ്ഞാ വാചകത്തിൽ അപാകത കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ അദ്ദേഹം ജൂൺ 2-ാം തീയതി ഒരിക്കൽ കൂടി ശരിയായ രീതിയിൽ സത്യപ്രതിജ്ഞ ചെയ്യേണ്ട സാഹചര്യം ഉണ്ടായി. ഇന്ത്യൻ പാർലമെന്റിലേക്കും സംസ്ഥാന നിയമസഭകളിലേക്കുമുള്ള ആംഗ്ലോ ഇന്ത്യൻ

പ്രാതിനിധ്യം ഉറപ്പാക്കുന്ന ഭരണഘടനാ വ്യവസ്ഥ ഭേദഗതി ചെയ്യപ്പെട്ട സാഹചര്യത്തിൽ 15-ാം കേരള നിയമസഭയുടെ അംഗസംഖ്യ 141-ൽ നിന്നും 140 ആയി പരിമിതപ്പെട്ടിരിക്കുകയാണ്. 2021 മെയ് 25-ാം തീയതി ചേർന്ന സഭായോഗം പുതിയ അദ്ധ്യക്ഷനെ വോട്ടെടുപ്പിലൂടെ തെരഞ്ഞെടുക്കുകയുണ്ടായി. മെയ് 28-ാം തീയതി ബഹുമാനപ്പെട്ട ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ സഭയിൽ നയപ്രഖ്യാപന പ്രസംഗം നടത്തുകയും മെയ് 31, ജൂൺ 1, 2 തീയതികളിലായി ഗവർണർക്ക് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തിൻമേൽ സഭ വിശദമായ ചർച്ച നടത്തുകയും, തുടർന്ന് നന്ദിപ്രമേയം പാസ്സാക്കുകയും ചെയ്തു. ജൂൺ 1-ാം തീയതി സഭ പുതിയ ഡെപ്യൂട്ടി സ്പീക്കറെ എതിരില്ലാതെ തെരഞ്ഞെടുത്തു. ആകെ 12 ദിവസം യോഗം ചേർന്ന ഒന്നാം സമ്മേളന കാലയളവിൽ 7 അടിയന്തരപ്രമേയ നോട്ടീസുകളും, 14 ശ്രദ്ധക്ഷണിക്കൽ നോട്ടീസുകളും, 89 സബ്മിഷനുകളും സഭ മുൻപാകെ പരിഗണിക്കുകയുണ്ടായി. എല്ലാപേർക്കും സൗജന്യമായി കൊവിഡ്-19 വാക്സിൻ നൽകേണ്ട ആവശ്യകത സംബന്ധിച്ചും, കേരളീയർക്ക് ഏറ്റവും ആത്മബന്ധമുള്ള കേന്ദ്ര ഭരണപ്രദേശമായ ലക്ഷദ്വീപിൽ നടക്കുന്ന ജനാധിപത്യവിരുദ്ധമായ പ്രവർത്തനങ്ങൾക്കെതിരെയും രണ്ട് ഗവൺമെന്റ് പ്രമേയങ്ങൾ ചട്ടം 118 പ്രകാരം ഈ സമ്മേളന കാലയളവിൽ സഭ പരിഗണിക്കുകയും ഐകകണ്ഠേന പാസ്സാക്കുകയും ചെയ്തു. സമ്മേളന

കാലഘട്ടത്തിൽ ആകെ 1458 രേഖകളാണ് സഭയുടെ മേശപ്പുറത്ത് വയ്ക്കപ്പെട്ടത്. ഈ സമ്മേളനവുമായി ബന്ധപ്പെട്ട് 120 നക്ഷത്ര ചിഹ്നമിട്ട ചോദ്യങ്ങളും, 1034 നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളും അനുവദിച്ചിരുന്നു. 14 ചോദ്യങ്ങൾക്ക് മന്ത്രിമാർ വാക്കാൽ മറുപടി നൽകുകയുണ്ടായി. സഭാതലത്തിൽ 109 ഉപ ചോദ്യങ്ങൾ ഉന്നയിക്കുകയും മന്ത്രിമാർ അവയ്ക്ക് മറുപടി നൽകുകയും ചെയ്തു. ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും എക്സൈസും വകുപ്പുമന്ത്രി, ബഹുമാനപ്പെട്ട ഊർജ്ജ വകുപ്പുമന്ത്രി, ബഹുമാനപ്പെട്ട സഹകരണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി എന്നിവർ ഈ സമ്മേളന കാലത്തുതന്നെ എല്ലാ ചോദ്യങ്ങൾക്കും മറുപടി ലഭ്യമാക്കുന്നതിന് ശ്രദ്ധിച്ചിട്ടുണ്ട്. നിയമസഭാ ചോദ്യങ്ങൾക്ക് യഥാസമയം മറുപടി ലഭ്യമാക്കുന്നതിൽ എല്ലാ മന്ത്രിമാരും ഈ മാതൃക സ്വീകരിക്കേണ്ടതാണെന്നും, ഇനിയും മറുപടി നൽകാനുള്ള എല്ലാ ചോദ്യങ്ങൾക്കും പൂർണ്ണമായ മറുപടി ചട്ടം അനുശാസിക്കുന്ന വിധം യഥാസമയം ലഭ്യമാക്കുവാൻ ശ്രദ്ധിക്കണമെന്നും ചെയർ ഓർമ്മിപ്പിക്കുന്നു. അതോടൊപ്പം ഇ-നിയമസഭാ പദ്ധതിയുടെ പൂർണ്ണതയ്ക്കായി എല്ലാ അംഗങ്ങളും ചോദ്യ നോട്ടീസുകൾ ഓൺലൈനായി നൽകണമെന്ന് ചെയർ ഓർമ്മിപ്പിക്കുന്നു. 2021-22 വർഷത്തെ പുതുക്കിയ ബജറ്റ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി 2021 ജൂൺ 4-ാം തീയതി സഭയിൽ അവതരിപ്പിക്കുകയും ജൂൺ 7, 8, 9 തീയതികളിലായി

ബജറ്റിനെ സംബന്ധിച്ച പൊതു ചർച്ച നടത്തുകയും ചെയ്തു. 2021-22 വർഷത്തെ ആദ്യ നാലുമാസത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായുള്ള വോട്ട്ഓൺ അക്കൗണ്ട് 14-ാം കേരള നിയമസഭതന്നെ പാസ്സാക്കിയിരുന്ന സാഹചര്യത്തിൽ തുടർന്ന് വരുന്ന മൂന്ന് മാസത്തെ ചെലവുകൾ കൂടി നിർവ്വഹിക്കുന്നതിലേക്കായുള്ള രണ്ടാമത്തെ വോട്ട്ഓൺ അക്കൗണ്ട് ഇന്ന് സഭ ചർച്ച ചെയ്ത് പാസ്സാക്കുകയും അത് സംബന്ധിച്ച ധനവിനിയോഗ ബില്ലിന് അംഗീകാരം നൽകുകയും ചെയ്തു.

ഈ സമ്മേളന കാലയളവിൽ നിയമനിർമ്മാണത്തിനായി ലഭ്യമായ സമയം ഉപയോഗപ്പെടുത്തിക്കൊണ്ട് കാലിക പ്രാധാന്യമുള്ള 2021-ലെ കേരള സാംക്രമിക രോഗ ബിൽ സഭയിൽ അവതരിപ്പിക്കുകയും സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കാതെതന്നെ വിശദമായി ചർച്ചചെയ്ത് ഐകകണ്ഠേന പാസ്സാക്കുകയും ചെയ്തു. 2021-ലെ കേരള ധനകാര്യബിൽ, 2021-ലെ കേരള ധനകാര്യ 2-ാം നമ്പർ ബിൽ എന്നിവ ഇന്ന് സഭയിൽ അവതരിപ്പിക്കുകയും ചെയ്തു. ചട്ടം 167 പ്രകാരം 2020 -ലെ കേരള പോലീസ് ചട്ടങ്ങൾക്കുള്ള ഒരു ഭേദഗതി നോട്ടീസും സഭ ഇന്ന് പരിഗണിക്കുകയുണ്ടായി. ബജറ്റിലെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധനയ്ക്കായി ഈ മാസം 16 മുതൽ സബ്ജക്ട് കമ്മിറ്റികൾ യോഗം ചേരേണ്ടതുണ്ട്. അതിനായി അംഗീകരിച്ച് വിതരണം നടത്തിയിട്ടുള്ള സബ്ജക്ട് കമ്മിറ്റികളുടെ യോഗവിവര സമയ പട്ടികപ്രകാരം എല്ലാ കമ്മിറ്റികളുടേയും സൂക്ഷ്മ

പരിശോധനാ നടപടിക്രമങ്ങൾ ജൂലൈ 5-ാം തീയതിക്കുമുൻപായി പൂർത്തീകരിക്കേണ്ടതുണ്ട്. പ്രസ്തുത കാലയളവിനുള്ളിൽ കേരള ലെജിസ്ലേറ്റീവ് അസംബ്ലി മീഡിയാ ആന്റ് പാർലമെന്ററി സ്റ്റഡി സെന്റർ K-LAMPS-ന്റെ ആഭിമുഖ്യത്തിൽ അംഗങ്ങൾക്കുള്ള പരിശീലന പരിപാടി സംഘടിപ്പിക്കുവാൻ നിശ്ചയിച്ചിട്ടുണ്ട്. അത് സംബന്ധിച്ച വിശദാംശങ്ങൾ പിന്നാലെ അറിയിക്കുന്നതാണ്. എല്ലാ അംഗങ്ങളും പ്രത്യേകിച്ച് പുതിയതായി നിയമസഭാംഗം ആയവർ നിർബന്ധമായും പരിശീലന പരിപാടികളിൽ പങ്കെടുക്കേണ്ടതാണ്.

12 ദിവസം നീണ്ടുനിന്ന ഈ ഒന്നാം സമ്മേളനം ഇന്ന് സമാപിക്കുമ്പോൾ സമ്മേളന നടപടികളുമായി അങ്ങേയറ്റം സഹകരിച്ച ബഹുമാനപ്പെട്ട മുഖ്യമന്ത്രി, മറ്റ് മന്ത്രിമാർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ്, മറ്റ് സഭാംഗങ്ങൾ എന്നിവരോട് ചെയർ നന്ദി രേഖപ്പെടുത്തുന്നു. സമ്മേളന നടപടികൾ റിപ്പോർട്ട് ചെയ്യാൻ എത്തിച്ചേർന്നിട്ടുള്ള മാധ്യമ പ്രവർത്തകരോടും, സമ്മേളന നടപടികളുമായി ബന്ധപ്പെട്ട ഔദ്യോഗികവും അനൗദ്യോഗികവുമായ ജോലികൾ സമയബന്ധിതമായി പൂർത്തിയാക്കുവാൻ സഹകരിച്ച നിയമസഭാ സെക്രട്ടേറിയറ്റുൾപ്പെടെ എല്ലാ വകുപ്പ് ജീവനക്കാരോടുമുള്ള നന്ദിയും ചെയർ രേഖപ്പെടുത്തുന്നു.

ഓർഡർ.....ഓർഡർ....സഭ അനിശ്ചിത കാലത്തേയ്ക്ക് പിരിയുന്നു

(ദേശീയഗാനാലാപനത്തോടെ 15-ാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനം 2021 ജൂൺ 10-ാം തീയതി വൈകിട്ട് 6.23 ന് അനിശ്ചിത കാലത്തേയ്ക്ക് പിരിഞ്ഞു.)